# NATIONAL BULLETIN

**DATE: 13.04.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാലുദിവസത്തെ ഗുജറാത്ത്-മഹാരാഷ്ട്ര സന്ദർശനത്തിനു ഇന്ന് തുടക്കം.

   **President Droupadi Murmu will be on a four-day visit to Gujarat and Maharashtra beginning today.**

2. നിയമസഭാ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി, ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർമാരുടെ സംഘം ഇന്ന് പശ്ചിമ ബംഗാൾ സന്ദർശിക്കും.

   **Deputy Election Commissioners to visit West Bengal today to review preparations for the upcoming Assembly elections.**

3. ജാലിയൻവാല ബാഗ് ദിനത്തിൽ രക്തസാക്ഷികൾക്ക് ആദരം അർപ്പിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പടെ പ്രമുഖർ.

   **President, Prime Minister and other dignitaries pay tribute to martyrs on Jallianwala Bagh Day.**

4. കണ്ണൂർ ദന്തൽ കോളേജിലെ വിദ്യാർത്ഥി നിതിൻ രാജിന്റെ മരണം അന്വേഷിക്കുന്നതിന് പ്രത്യേക സംഘത്തിന് രൂപം നൽകി.

**Special team formed to investigate the death of Kannur Dental College student Nitin Raj.**

5. വടക്ക്കിഴക്കൻ സംസ്ഥാനങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളത്തിൽ ചൂട് കൂടുന്നു. ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**IMD warns of possibility of rain with thunderstorm in northeastern states. Heat continues prevail in Kerala. Orange alert in six districts.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -രാജസ്ഥാൻ റോയൽസ് പോരാട്ടം.

**Sunrisers Hyderabad and Rajasthan Royals to face each other in IPL cricket today.**

*********************

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാലുദിവസത്തെ ഗുജറാത്ത്-മഹാരാഷ്ട്ര സന്ദർശനത്തിനു ഇന്ന് തുടക്കം. ഇന്ന് രാജ്കോട്ട് എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഗാന്ധിനഗറിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കുചേരും. ബുധനാഴ്ച നാഗ്പുർ എയിംസിന്റെ രണ്ടാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി, ഇന്ത്യൻ റവന്യൂ സർവീസ് 78-ാം ബാച്ച് ഓഫീസർ ട്രെയിനികളുടെ പരിശീലന സമാപന ചടങ്ങിലും പങ്കെടുക്കും.

*********************

## Womens Reservation Bill - Prime Minister

പാർലമെൻറിൻറെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് വ്യാഴാഴ്ച തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി രാജ്യസഭാ-ലോക്സഭാ കക്ഷി നേതാക്കൾക്ക് വനിതാ സംവരണ ബിൽ സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി കത്തയച്ചു. അതേസമയം, ന്യൂഡൽഹിയിൽ നടന്ന നാരി ശക്തി വന്ദൻ അധിനിയം പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്ഘാടനം ചെയ്തു. ജനാധിപത്യ ഘടനയിൽ സ്ത്രീകൾക്ക് സംവരണം നൽകുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**********************

## West Bengal-Election

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഇന്ന്. ഈ മാസം 29-നാണ് വോട്ടെടുപ്പ്. സംസ്ഥാനത്ത് ഈ മാസം 23 ന് നടക്കുന്ന ആദ്യ ഘട്ട വോട്ടെടുപ്പിനുളള പ്രചാരണവും ഊർജിതമാണ്. കേന്ദ്ര ആഭ്യന്തരമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ അമിത്ഷാ , തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി തുടങ്ങിയവർ ഇന്ന് വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. ഈ മാസം 23 ന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ, ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ,ഡിഎംകെ മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ എം.കെ.സ്റ്റാലിൻ തുടങ്ങിയവർ ഇന്നലെ പ്രചാരണ പരിപാടികളിൽ സംബന്ധിച്ചു.

**********************

## ECI - WB visit

നിയമസഭാ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി, ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർമാരായ ഗ്യനേഷ് ഭാരതിയും പവൻ കുമാർ ശർമ്മയും ഇന്ന് പശ്ചിമ ബംഗാൾ സന്ദർശിക്കും. മൂന്ന് ദിവസത്തെ സന്ദർശന വേളയിൽ, ചീഫ് ഇലക്ടറൽ ഓഫീസറുടെ ഓഫീസിലെ

ഉന്നതതല പ്രതിനിധികൾ , ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, പോലീസ് കമ്മീഷണർമാർ, തെരെഞ്ഞെടുപ്പ് നിരീക്ഷകർ എന്നിവരുമായി അവർ കൂടിക്കാഴ്ച നടത്തും.

**********************

## SC - WB SIR CASE

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി, സുപ്രീം കോടതി ഇന്ന് എസ് ഐ ആർ സംബന്ധിച്ച വാദം കേൾക്കും. ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ നേതൃത്വത്തിലുള്ള ബെഞ്ചാണ് കേസ് പരിഗണിക്കുക. സാധുവായ വോട്ടർമാരായി ട്രൈബ്യൂണൽ അംഗീകരിച്ചവർക്ക്, ഈ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ കഴിയുമോ എന്ന കാര്യത്തിൽ കോടതി ഇന്ന് തീരുമാനമെടുത്തേക്കും. അർഹതയുള്ള എല്ലാ വോട്ടർമാർക്കും സമ്മതിദായകത്വം വിനിയോഗിക്കാനുള്ള അവസരം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി സമർപ്പിച്ചിരുന്നത്. അതേസമയം, മാൽദയിൽ എസ്ഐആർ വിധിനിർണ്ണയത്തിൽ ഏർപ്പെട്ടിരുന്ന ജഡ്ജിമാരെ ഭീഷണിപ്പെടുത്തിയ സംഭവത്തെക്കുറിച്ചുള്ള എൻഐഎ അന്വേഷണത്തിന്റെ കേസും കോടതി പരിഗണിക്കും.

**********************

## NIA-MALDA ARREST

ജുഡീഷ്യൽ ഉദ്യോഗസ്ഥരെ തടഞ്ഞുവയ്ക്കുകയും ഉപദ്രവിക്കുകയും ചെയ്യുവെന്ന കുറ്റത്തിന് പശ്ചിമ ബംഗാളിൽ, പഞ്ചായത്ത് അംഗത്തെ ദേശീയ അന്വേഷണ ഏജൻസിഅറസ്റ്റ് ചെയ്യു.മാൽഡായിലെ മോതാബാരി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഗോലാം റബ്ബാനിയെയാണ് എൻ ഐ എ അറസ്റ്റ് ചെയ്യത്. കേസുമായി ബന്ധപ്പെട്ട്, മറ്റു മൂന്നു പേരെ കൂടി എൻഐഎ കസ്റ്റഡിയിലെടുത്തു ചോദ്യ ചെയ്യൽ ആരംഭിച്ചു . ഇതിനകം 50 ഓളം പേരുടെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തി.

*********************

**POLLING-LOP**

സംസ്ഥാനത്തെ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള പോളിംഗ് ശതമാന കണക്ക് ഉൾപ്പെടെയുള്ള വിവരങ്ങൾ അടിയന്തരമായി പുറത്തുവിടണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ കത്ത് നൽകി. പോളിംഗ് ശതമാനവും തപാൽവോട്ടിംഗ് സംബന്ധിച്ച കണക്കുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യത ഉറപ്പാക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടു. വോട്ടുകളുടെ അന്തിമ കണക്ക് പുറത്തുവിടാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകാത്തത് തികച്ചും അസ്വാഭാവികമാണെന്ന് മന്ത്രി വി ശിവൻകുട്ടി കുറ്റപ്പെടുത്തി.

**********************

**JALLIANWALA BAGH – PREZ, PM, HM, RAJNATH(INTRO)**

ഇന്ന് ജാലിയൻവാല ബാഗ് ദിനം. 1919-ൽ ഇതേ ദിവസമാണ് പഞ്ചാബിലെ അമൃത്സറിൽ ജാലിയൻ വാലാബാഗ് കൂട്ടകൊല നടന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ വലിയ ഒരു വഴിത്തിരിവായിരുന്നു ഈ കൂട്ടക്കൊല. ജാലിയൻ വാലാബാഗ് രക്തസാക്ഷികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ് അമിത്ഷാ, ഉൾപ്പെടെയുള്ളവർ ആദരാഞ്ജലികൾ അർപ്പിച്ചു.

ഒരു റിപ്പോർട്ട് .....

*ജാലിയൻ വാലാബാഗ് സംഭവം രാജ്യത്തെ ജനങ്ങളിൽ, സ്വാതന്ത്ര്യത്തിനായുള്ള ദൃഢനിശ്ചയം പകർന്നുനൽകിയതായി രാഷ്ട്രപതി സമൂഹമാധ്യമത്തിൽ പറഞ്ഞു. രാജ്യം അവരോട് എന്നും കടപ്പെട്ടിരിക്കുമെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു. ജാലിയൻവാല ബാഗിൽ ജീവൻ വെടിഞ്ഞവരുടെ ത്യാഗം, ജനങ്ങളുടെ ധീരമായ മനസ്സിന്റെ ശക്തമായ ഓർമ്മപ്പെടുത്തലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിഅഭിപ്രായപ്പെട്ടു . അവർ പ്രകടിപ്പിച്ച ധൈര്യവും അചഞ്ചലമായ ദൃഢനിശ്ചയവും ഭാവി തലമുറകളെ സ്വാതന്ത്ര്യം,*

*നീതി, അന്തസ്സ് എന്നിവ കാത്തുസൂക്ഷിക്കാൻ പ്രചോദിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ, വിപ്ലവത്തിന്റെ ആത്മാവ് കൂടുതൽ ശക്തി പ്രാപിച്ച ചരിത്രപരമായ വഴിത്തിരിവാണ് ഈ സംഭവമെന്ന് ശ്രീ ഷാ വിശേഷിപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ നിർണായക നിമിഷമാണ്, ജാലിയൻ വാലാബാഗ് സംഭവമെന്നും, നീതി, അന്തസ്സ്, ആത്മാഭിമാനം എന്നിവയ്ക്കായി നിലകൊള്ളാൻ അവരുടെ ധൈര്യം തലമുറകളെ പ്രചോദിപ്പിക്കുമെന്നും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

**********************

## Asha Bhosle

പിന്നണി ഗായിക ആശ ഭോസ്ലെയുടെ സംസ്കാരം ഇന്ന് വൈകിട്ട് നാലിന് മുംബൈ ശിവാജി പാർക്കിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടക്കും. ആശ ഭോസ്ലെയുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, സ്പീക്കർ ഓം ബിർല, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ അനുശോചനം അറിയിച്ചു. ഇന്നലെ ഉച്ചയ്ക്ക് മുംബൈയിലാണ് ആശ ഭോസ്‌ലെ അന്തരിച്ചത്. 92 വയസായിരുന്നു.

**********************

## Nitin Raj death- Investigation

കണ്ണൂർ ദന്തൽ കോളേജിലെ ഒന്നാം വർഷ ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിന് പ്രത്യേക സംഘത്തിന് രൂപം നൽകി. ജില്ലാ സൈബർ പോലീസിലെ വിദഗ്ധസംഘം ഉൾപ്പെടെയുള്ള ഏഴംഗ സംഘമാണ് അന്വേഷിക്കുന്നത്. കണ്ണൂർ എ.സി.പി ഹരിപ്രസാദിനാണ് അന്വേഷണ ചുമതല. അതേസമയം നിതിൻ രാജിന്റെ മരണത്തിൽ കുറ്റക്കാരായ എല്ലാവരെയും നിയമത്തിന്

മുന്നിൽ കൊണ്ടുവരുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഇന്ന് നിതിൻ രാജിൻറെ വീട് സന്ദർശിച്ചു.

**********************

## IMD

വടക്ക്കിഴക്കൻ സംസ്ഥാനങ്ങൾ, തീരദേശ കർണാടക, കേരളം, മാഹി, ദക്ഷിണ കർണാടക എന്നിവിടങ്ങളിൽ ഇടിമിന്നലോടും ശക്തമായ കാറ്റോടും കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. സൗരാഷ്ട്ര, കച്ച് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് ഉഷ്ണതരംഗം ഉണ്ടാകുമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ആന്ധ്രാപ്രദേശ്, തീരദേശ കർണാടക, ഗുജറാത്ത്, കേരളം, മാഹി, മധ്യ മഹാരാഷ്ട്ര, ഒഡീഷ, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിൽ ചൂടും ഈർപ്പവും നിറഞ്ഞ കാലാവസ്ഥ ഉണ്ടാകുമെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

**********************

## IMD-KOZHIKODE(INTRO)

കേരളത്തിൽ ചൂട് കൂടുന്നു. ഉയർന്ന അൾട്രാ വയലറ്റ് സൂചിക റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം , ഇടുക്കി, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കണ്ണൂർ , കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട് ജില്ലയിലും ശക്തമായ ചൂടാണ് അനുഭവപ്പെടുന്നത്. അതേസമയം, ജില്ലയിൽ വേനൽമഴ ലഭിച്ചത്, കാർഷികവിളകൾക്ക് ആശ്വാസം ആയിട്ടുണ്ട്....

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു ....**
**വോയിസ് ...**

**********************

## HEAT-FACT CHECK

ഏപ്രിൽ 29 മുതൽ മെയ് 12 വരെ താപനില 45 ഡിഗ്രി മുതൽ 55 ഡിഗ്രി വരെ ഉയരും എന്നതരത്തിൽ സിവിൽ ഡിഫൻസ് വകുപ്പ് എന്ന പേരിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. കേരളത്തിൽ താപനില 54 ഡിഗ്രി ആകുമെന്ന് പ്രവചനം കേന്ദ്ര കാലാവസ്ഥ വകുപ്പും പുറത്തിറക്കിയിട്ടില്ല. വ്യാജ പ്രചാരണങ്ങൾ ദുരന്ത നിവാരണ നിയമപ്രകാരം ശിക്ഷാർഹമാണെന്നും അതോറിറ്റി വാർത്താക്കുറിപ്പിൽ പറഞ്ഞു.

**********************

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7:30 ന് ഹൈദരാബാദിലാണ് മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- മുംബൈ ഇന്ത്യൻസിനെയും,ഗുജറാത്ത് ടൈറ്റൻസ്- ലഖ്നൗ സൂപ്പർ ജയന്റ്സിനെയും പരാജയപ്പെടുത്തി.

**********************

*****************

**********